പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3565 | 19.02.2013 ൽ മറുപടിക്ക്

## സർക്കാർ സ്ഥാപനങ്ങളിൽ സ്ത്രീ-പുരുഷ ജീവനക്കാർ തമ്മിലുള്ള പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |

| | | |
|---|---|---|
| (എ) | സംസ്ഥാന സർക്കാരിന്റെ കീഴിൽ വിവിധ വകുപ്പുകളിലുള്ള സ്ഥാപനങ്ങളിൽ സ്ത്രീപുരുഷ ജീവനക്കാർ തമ്മിലുള്ള പ്രശ്നങ്ങൾ സംബന്ധിച്ച പരാതിയിന്മേൽ ബന്ധപ്പെട്ട മേലുദ്യോഗസ്ഥന്മാർ നടത്തുന്ന അന്വേഷണത്തിൽ നീതി ലഭിക്കാതെ പല ജീവനക്കാരും ബഹു. കോടതിയെ സമീപിക്കാൻ ഉണ്ടായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ ; | (എ) മുതൽ (എഫ്) വരെ വിവരം ശേഖരിച്ചുവരുന്നു |
| (ബി) | ഇത്തരത്തിലുള്ള പരാതിയിന്മേൽ ഉന്നതാധികാരിയുടെ രേഖാമൂലമുള്ള അനുവാദം ലഭിക്കാതെ കീഴ്ജീവനക്കാരായ സ്ത്രീകളോട് മേലുദ്യോഗസ്ഥർ ക്രമവിരുദ്ധമായി നടത്തുന്ന തെളിവെടുപ്പുകളും ഏകപക്ഷീയമായ റിപ്പോർട്ടും ശ്രദ്ധയിൽപ്പെട്ടാൽ ആ ഉദ്യോഗസ്ഥനെതിരെ ചട്ടപ്രകാരം എന്തെല്ലാം നടപടിയാണ് സ്വീകരിക്കുന്നത് ; | |
| (സി) | ഉന്നതാധികാരികൾ ചുമതലപ്പെടുത്തുന്ന അന്വേഷണ കമ്മീഷൻ ഇത്തരത്തിലുള്ള മേലുദ്യോഗസ്ഥന്മാരുടെ പക്ഷപാതപരമായ മൊഴിയുടെ അടിസ്ഥാനത്തിൽ നൽകുന്ന ഏകപക്ഷീയമായ റിപ്പോർട്ടുകൾ പലപ്പോഴും പരാതിക്കാർക്ക് എതിരാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | |

(ഡി) അധികാര ദുർവിനിയോഗം നടത്തുകയും അന്വേഷണ കമ്മീഷനെ തെറ്റിദ്ധരിപ്പിക്കുകയും ചെയ്യുന്ന മേലുദ്യോഗസ്ഥർക്കെതിരെ 'വിശാഖ' നിയമത്തിന്റെ അടിസ്ഥാനത്തിൽ കോടതിയെ സമീപിക്കാവുന്നതല്ലേ ;

(ഇ) പരാതിക്കാരിയുടെ മൊഴി മുഖവിലക്കെടുക്കാതെ പ്രതിയുടേയും മേൽപ്പറഞ്ഞ ഉദ്യോഗസ്ഥരുടെയും മൊഴിയുടെ പിൻബലത്തിൽ പരാതി ക്കാരിക്ക് എതിരായി നൽകുന്ന റിപ്പോർട്ടുകളാണ് അവർ കോടതിയെ സമീപിക്കാൻ നിർബന്ധിതരാക്കുന്നതെന്ന് മനസ്സിലാക്കിയിട്ടുണ്ടോ;

(എഫ്) ഇരകളുടെ വാക്കുകൾക്ക് പ്രാധാന്യം കൊടുക്കണമെന്ന ബഹു. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇത്തരത്തിലുള്ള റിപ്പോർട്ടുകൾ തള്ളിക്കളയാനും, ഇരകൾക്ക് നീതി ഉറപ്പാക്കാനുമുള്ള നടപടി സ്വീകരിക്കുമോ ?

സെക്ഷൻ ഓഫീസർ